# പള്ളികഥകൾ

മിനികഥകൾ | എൺപ്പത്തി നാല് | ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ, ഇപ്പോൾ അമേരിക്കയിലെ ഒരു ഗ്രാമ പ്രദേശത്തുള്ള ഒരു കൊച്ചു പള്ളിയിലെ ഒരു സംഭവമാണ് പറയാൻ പോകുന്നത്.

## സ്ത്രീ സമാജം

ഓത്തഡോക്സ് സഭയിലെ സ്ത്രീസമാജത്തെ മത്ത്മറിയം സമാജം എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടും. ഒരു ഇടവകയുടെ പ്രധാന ഘടകങ്ങളിലൊന്നാണിത്. പ്രത്യേകിച്ച് അമേരിക്കയിൽ. അമേരിക്കയിലെ മിക്കവാറും മലയാളികളിലെ സ്ത്രീകൾക്കാണ് ജോലിയുള്ളത്. അതല്ലങ്കിൽ സ്ത്രീകൾക്കാണ് കൂടുതൽ വരുമാനമുള്ളത്.

അമേരിക്കയിലെ പല ഇടവകകളിലേയും പ്രധാനപ്പെട്ട പല കാര്യങ്ങളും ആ ഇടവകയിലെ ഈ സമാജക്കാരായിരിക്കും ചെയ്യുന്നതും. അതു പോലെ അമേരിക്കയിലെ പല ഇടവകകളിലും മിക്കവാറും ഞായറാഴ്ചകളിൽ ആരാധനയ്ക്കു ശേഷം ആ പള്ളിയിൽ വരുന്നവർക്കെല്ലാം ഭക്ഷണം നൽകുന്ന പതിവുകളും ഉണ്ട്. ഇങ്ങിനെയുള്ള കാര്യങ്ങൾ പലയിടങ്ങളിലും ഈ സമാജക്കാരായിരിക്കും മേൽനോട്ടം വഹിക്കുന്നതും, ചുമതലപ്പെട്ടു നടത്തുന്നതും.

എന്നാൽ ഇപ്പോൾ ഈ പറയാൻ പോകുന്ന ഇടവകയിലെ ഈ സമാജക്കാരുടെ രീതി വളരെ വിചിത്രമാണ്. അവിടുത്തെ സമാജം നടക്കുന്ന പള്ളിയിലെ ആകെ കൂടെയുള്ള ഇരുപത്തി നാലു കുടുംബങ്ങളിലേയും എല്ലാ വനിതകളും വളരെ താല്പര്യമായി എല്ലാ സമാജ മീറ്റിംഗുകളിലും വന്ന് പങ്കെടുക്കാറുണ്ട്. എല്ലാ മാസത്തിലും ഒരു ദിവസം മാത്രമേ ആ പള്ളിയിൽ മീറ്റിംഗു് നടക്കാറുള്ളു. അവരുടെ മീറ്റിംഗ് തുടങ്ങാൻ വികാരിയച്ചൻ വരുന്നതിന് മുൻപ് ഇവർ നമ്മുടെ നാടൻ ഭാഷയിൽ കൊതിയും നുണയും പറയുന്നതിനും കൂടാതെ അവർ ഓരോരുത്തരും ധരിച്ചിരിക്കുന്ന സാരിയുടേയും ആഭരണങ്ങളുടേയും വിശേഷങ്ങൾ പറയാനുമാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് അവരെല്ലാവരും വളരെ വില കൂടിയ മനോഹര വസ്ത്രങ്ങളായിരിക്കും ധരിച്ചിരിക്കുന്നതും. ആ കൊച്ച് ഇടവകയിൽ ഉള്ളവരെല്ലാം ധാരാളം വരുമാനമുള്ള നല്ല പണക്കാരും കൂടാതെ പള്ളിക്ക് ധാരാളമായി പണം നൽകുന്നവരുമാണ്.

ഏകദേശം ഒരു വർഷം മുമ്പ് ആ പള്ളിയിലേക്ക് ഒരു കുടുംബം കൂടെ പുതുതായി വന്നു ചേർന്നു. ഏകദേശം എഴുപത്തഞ്ചു വയസ്സുള്ള ഭാര്യാഭർത്താക്കന്മാർ. അവർ അവിടെ വരുന്നതിനു മുമ്പ് പുതുപുത്തൻ ഒരു മണിമാളിക അവർ പറഞ്ഞതുപോലെ പണിതുണ്ടാക്കി. വാർദ്ധ്യക്യകാലത്ത് ഈ ഗ്രാമ പ്രദേശത്ത് വന്ന് ഒരു വിശ്രമജീവിതം നയിക്കാനാണ് വന്നത്. അവർ താമസിക്കുന്നതിന്റെ വളരെ അടുത്താണ് ഈ ഇടവക പള്ളി അവർ ആ പള്ളിയിലെ അംഗത്വം എടുത്തു. കൂടാതെ എല്ലാ ഞായറാഴ്ചയും മറ്റ് ആരാധനാ ദിവസങ്ങളിലും മുടങ്ങാതെ പള്ളിയിൽ പോകും.

ജോണിയും മോളമ്മയും ഒരു നല്ല മാതൃകാപരമായ കുടുംബമാണ്. അവർക്ക് മൂന്നു പെൺമക്കളുള്ളവരെയെല്ലാം വിവാഹം കഴിച്ച് അമേരിക്കയിൽ തന്നെവളരെ ദൂരെയാണ്. വലിയ ഒരു നരച്ച കപ്പടാമീശയും, ആറടി പൊക്കവും അതിനു തക്ക നെഞ്ചുവിരിവും വണ്ണവും നല്ല തൂവെള്ള നിറവുമുള്ള ജോണിച്ചായനെ ഈ പ്രായത്തിലും ആരും അറിയാതെ നോക്കിപോകും. സത്യത്തിൽ വെള്ള നിറമല്ല, അമേരിക്കക്കാർ കൊതിക്കുന്ന ഗോതമ്പു നിറമാണ് അദ്ദേഹത്തിന്റേത്.

മോളമ്മയും സുന്ദരിയാണ്. ഏകദേശം ആറടി പൊക്കം; അധികം വണ്ണമില്ലാതെ എന്നാൽ തീരെ മെല്ലിച്ചതല്ലാത്ത ഇടയൊതുങ്ങിയ ശരീരം. ജോണിയുടേതു പോലെ നല്ല സ്വർണ്ണ നിറം. തലമുടി അവിടവിടെ നരയുണ്ടെങ്കിലും അവർ അത് കറുപ്പിച്ച് പുരികവും നേർപ്പിച്ച് സുന്ദരിയായിട്ടേ നടക്കാറുള്ളു. അവരെ രണ്ടു പേരെയും ഒന്നിച്ചു കണ്ടാൽ നോക്കാത്ത മനുഷ്യരുണ്ടാകില്ലീഭൂവിൽ. ഏകദേശം അമ്പതു വർഷമായി അവർ ഭാര്യാ ഭർത്താക്കന്മാരായിട്ട്. പരസ്പരം സ്നേഹിച്ച് കഴിയുന്ന ഒരു മാതൃകാ കുടുംബം.

പള്ളിയിൽ ആരാധനക്കു പോകണം അത്യാവശ്യമുള്ള പണം കൊടുക്കണം എന്നതിലുപരിയായി അവർ പള്ളിയുമായി കൂടുതൽ ബന്ധം പുലർത്തിയിരുന്നില്ല. പൊതുയോഗങ്ങളിൽഅവർ പങ്കെടുക്കാറില്ല, വീട്ടിൽപള്ളിക്കാരേയും അച്ചനേയും ക്ഷണിച്ച് സൽക്കരിക്കാറുമില്ല. ജോണി ധാരാളമായി സംസാരിക്കുമെങ്കിലും ആരേയും പ്രീതിപ്പെടുത്തുന്ന സംസാരം ഇല്ല. ആവശ്യമില്ലാത്ത പിരിവുകൾ അയാൾ നൽകാറില്ല. എന്നാൽ മോളമ്മ പള്ളിക്കാരോടും പുറമേ ആരോടും ഒട്ടും സംസാരിക്കാറില്ല.

മോളമ്മ സ്ത്രീ സമാജത്തിൽ സംബന്ധിക്കാറുണ്ടെങ്കിലും അവിടെയുള്ള മറ്റു സ്ത്രീകളെ പോലെ അത്ര പത്രാസ് കാണിക്കാറില്ല. ഒരു പ്രാവശ്യം അവരെ ആ സമാജത്തിന്റെ സെക്രട്ടറി ആക്കാൻ അവർ ശ്രമിച്ചെങ്കിലും അവർ അതിന് സമ്മതിച്ചില്ല. മോളമ്മയുടെ ഈ സ്വഭാവത്തിൽ അവർക്ക് പലർക്കും അസൂയ ഉണ്ടായി. അസൂയയുണ്ടായാൽ പിന്നെ പാര പണിയുകയാണല്ലോ സ്വഭാവം. അവർ ഓരോരുത്തരായി അവരോട് ഓരോ തവണയും കാണുമ്പോൾ പറയാൻ തുടങ്ങി: "മോളമ്മാമ്മ എത്ര പാവമാണ്. ഇത്രയും നല്ല സ്വഭാവമുള്ളവരെ എങ്ങും കണ്ടിട്ടില്ല. അതുകൊണ്ടാണ് ഈ അച്ചായനുമായി യോജിച്ചു പോകുന്നത്." "മോളമ്മച്ചിക്ക് അവാർഡു തരണം ഈ അച്ചായന്റെ കൂടെ ഇത്രയും നാൾ ജീവിച്ചു പോന്നതിന്." "മോളമ്മച്ചി എന്താ അടിമയാണോ? എന്നാലും സമ്മതിച്ചു തരണം." മോളമ്മ സമാജത്തിന്റെ മീറ്റിംഗ് കൂടാൻ പോകുമ്പോൾ അവർ രണ്ടും രണ്ടു കാറുകളിലാണ് പോകാറുള്ളത്. അവർ വില കൂടിയ സാരിയോ വസ്ത്രങ്ങളോ പ്രത്യേകിച്ച് ആ ദിവസങ്ങളിൽ മറ്റുള്ളവരെപോലെ ധരിക്കാറില്ല. അവർ അത്ര ആഡംബരപ്രിയയല്ല.

തുടരെ തുടരെയുള്ള ഈ കമന്റുകൾ കാരണം ആ കുടുംബത്തിലും ചില വ്യതിയാനങ്ങൾ സംഭവിക്കാൻ തുടങ്ങി. മോളമ്മ പുറത്ത് ആരോടും ഒന്നും സംസാരിക്കാതെ ചിരിച്ചിരിക്കുമെങ്കിലും, സ്വന്തം വീട്ടിൽ, ഭർത്താവിന്റെ അടുക്കലും മക്കളുടെ അടുക്കലും ധാരാളമായി സംസാരിക്കുമായിരുന്നു. ഒരിക്കലും പതിവില്ലാതെ മോളമ്മ ഭർത്താവിനോടായി തർക്കിച്ചു തുടങ്ങി. "ഞാനെന്താ ഈ വീട്ടിലെ അടിമയാണോ?. എന്നെ പോലെ പാവം പിടിച്ച ഒരു സ്ത്രീയെ നിങ്ങൾക്ക് ഈ ഭൂമിയിൽ കണ്ടു കിട്ടുമോ? പെണ്ണുങ്ങൾ പറയുന്നത് എനിക്ക് അവാർഡു തരണമെന്നാണ്." അവിടെ കലഹത്തിന്റെ തുടക്കമായി. പിന്നിടവർ അയാളോട് തർക്കുത്തരങ്ങൾ പറയാൻ തുടങ്ങി. കലഹം പല ദിവസങ്ങളായി പടി പടി ഉയർന്നു. അവസാനം മോളമ്മ ഓരോ മക്കളുടേയും കൂടെ പോയി താമസിക്കാൻ തുടങ്ങി. അവരുടെ മക്കളെല്ലാം ഡോക്ടർ, വക്കീൽ, ഇഞ്ചനീയർ തുടങ്ങി നല്ല നിലകളിലാണ്. മരുമക്കളും അതുപോലെ. ഈ അകൽച്ച ദീർഘ നാളായപ്പോൾ അവർ രണ്ടും രണ്ടായി വാർദ്ധക്യ കാലം കഴിച്ചു കൂട്ടേണ്ടി വന്നു.